**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സംഘങ്ങളിൽ സംഭവിക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളിൽ ആവശ്യമായ ഇടപെടൽ ശക്തമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിൽ സമീപകാലത്തായി നടന്നിട്ടുള്ള ഒറ്റപ്പെട്ട ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ പ്രസ്തുത ക്രമക്കേടുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർ സഹകരണ ബാങ്കുകളിൽ ആകസ്മികവും വിശദവുമായ പരിശോധനകൾ നടത്തുകയും, കൂടാതെ പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തുകയും ക്രമക്കേടുകൾ ബോദ്ധ്യപ്പെടുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള തുടർ അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ക്രമക്കേടിൽ |

ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68എ പ്രകാരം രൂപീകൃതമായിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ രണ്ട് ജില്ലകളിൽ ഗ്രൂപ്പ് ആഡിറ്റ് ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഉടൻ ഈ സംവിധാനം നടപ്പിലാക്കുന്നതാണ്.

വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

എല്ലാ സഹകരണ സംഘങ്ങളും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ ഉരുപ്പടികളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ സെക്രട്ടറി/ ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്ന് ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവർ ഉൾപ്പെട്ട പരിശോധന കമ്മിറ്റി രൂപീകരിച്ച് ഓരോ മൂന്ന് മാസം കൂടുമ്പോഴും ഭൗതിക പരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംഘത്തിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹകരണ

| | | | |
|---|---|---|---|
| | | | ഓഡിറ്റർമാരുടെ പരിശോധനക്ക് ലഭ്യമാക്കി സാക്ഷ്യപ്പെടുത്തേണ്ടതായിട്ടുമുണ്ട്. സഹകരണ രംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകൾ ഇല്ലാതാക്കുന്നതിനും, ആയതിനു ഉത്തരവാദികളെ നിയമത്തിന്റെ മുന്നിൽ എത്തിക്കുന്നതിനുമുള്ള കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച വ്യവസ്ഥകൾ, സമഗ്ര നിയമ പരിഷ്കരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ജീവനക്കാരുടെയും ഭരണസമിതി അംഗങ്ങളുടെയും വായ്പ, ചിട്ടി തുടങ്ങി സംഘവുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ സഹകാരികൾക്ക് പരിശോധിക്കുവാൻ സാധിക്കുന്ന സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികളും ജീവനക്കാരും അവരുടെ കുടുംബങ്ങളും എടുക്കുന്ന വായ്പകൾ ജനറൽ ബോഡി മീറ്റിംഗിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിയമ പരിഷ്കരണ നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | സംഘങ്ങളുടെ ഓഡിറ്റ് ശക്തമാക്കുന്നതിനും ഓഡിറ്റ് നിരീക്ഷണങ്ങൾ കൃത്യമായി വിലയിരുത്തി തിരുത്തൽ നടപടികൾ ഉറപ്പാക്കുന്നതിനും ആവശ്യമായ നിയമ പിന്തുണ ഉറപ്പാക്കുമോ; വിശദമാക്കുമോ? | (സി) | • സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ആഡിറ്റ് വകുപ്പ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br>• സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. 14 ജില്ലകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതാണ്.<br>• സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം/ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/ സീനിയർ ആഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിയ്ക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.<br>• വസ്തു ഈടുകളുടെ സാംപിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• ആഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.<br>• വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം താലൂക്ക്/ജില്ലാ/ സംസ്ഥാന തലങ്ങളിൽ പ്രതിമാസം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | • പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.<br>• പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• സഹകരണ ആഡിറ്റ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• സഹകരണവകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-dit മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടിൽ (Integrated Co-operative Department Management System) ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ